07
2024
നവംബർ
വ്യാഴം
തുലാം 22

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.4 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-4 പേജ് 4. വില 2.00 രൂപ

02 അന്തർദേശീയ തിയേറ്റർ സ്കൂൾ ഫെസ്റ്റിവൽ ഫെബ്രുവരിയിൽ

03 തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് പ്രവർത്തനം തുടങ്ങി

04 ഡിജിറ്റൽ ഹെൽത്തായി കേരളം: 650 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത്

# മത്സ്യബന്ധനം ഇനി ഡ്രോൺ വഴിയും

### സമുദ്രമത്സ്യ മേഖലയിൽ മുന്നേറ്റത്തിന് കളമൊരുക്കി ഡ്രോൺ സാങ്കേതികവിദ്യ

### ഡ്രോൺ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര ഫിഷറീസ് മന്ത്രാലയംസിഎംഎഫ്ആർഐ സംയുക്ത ദൗത്യം







ഡ്രോൺ ഉപയോഗിച്ച് പകർത്തിയ കടലിലെ കൂടുമത്സ്യ കൃഷിയുടെ ദൃശ്യങ്ങൾ ഫയൽ ചിത്രം

കൊച്ചി: സമുദ്രമത്സ്യ മേഖലയിൽ കാര്യക്ഷമത വർധിപ്പിക്കാൻ ഡ്രോൺ ഉപയോഗത്തിന് കളമൊരുങ്ങുന്നു. കടലിലെ കൂടുമത്സ്യകൃഷി, കടൽ സസ്തനികളുടെ നിരീക്ഷണം, ദുരന്തനിവാരണം, അണ്ടർവാട്ടർ ഇമേജിംഗ്, ജലാശയ മാപ്പിംഗ് തുടങ്ങിയവക്കായി ഡ്രോൺ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജനപ്രിയമാക്കുന്നതിനും സംയുക്ത ദൗത്യം. കേന്ദ്ര ഫിഷറീസ് മന്ത്രാലയം, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) എന്നിവർ സംയുക്തമായാണ് ഡ്രോൺ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത്. ഇതിന്റെ ഭാഗമായി, നവംബർ 8ന് വെള്ളിയാഴ്ച സിഎംഎഫ്ആർഐയിൽ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും ബോധവൽകരണ ശിൽപശാലയും ഡ്രോൺ ഉപയോഗ പ്രദർശനവും നടക്കും. രാവിലെ 11ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദഘാടനം ചെയ്യും. കടലിലെ കൂടുമത്സ്യകൃഷി മുതൽ സമുദ്രആവാസവ്യവസ്ഥയുടെ സംരക്ഷണം വരെ സമയവും ചിലവും കുറച്ച് കൂടുതൽ കുറ്റമറ്റതാക്കി മാക്കാൻ ഡ്രോൺ ഉപയോഗത്തിലൂടെ സാധിക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. മത്സ്യമേഖലയിലുള്ളവർക്കിടയിൽ ഇതിന് സ്വീകാര്യതയും ജനപ്രീതിയും ലഭിക്കുന്നതിനുള്ള ബോധവൽകരണ ശ്രമങ്ങളാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. കൂടുകളിൽ കൃഷി ചെയ്യുന്ന മീനുകളുടെ ആരോഗ്യസ്ഥിതി നിരീക്ഷണം, തീറ്റ വിതരണം, സെൻസറുകൾ ഘടിപ്പിച്ച് വെള്ളത്തിന്റെ ഗുണനിലവാര പിശോധന തുടങ്ങിയവ എളുപ്പമാക്കും. മാത്രമല്ല, ആവശ്യാനുസരണം മത്സ്യകൃഷി ഫാമുകളിൽ നിന്ന് ജീവനുള്ള മത്സ്യങ്ങൾ ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകാനും ഡ്രോൺ ഉപയോഗം സഹായിക്കും. കടൽ കൂടുകൃഷിക്ക് പ്രധാന വെല്ലുവിളിയാകുന്ന അപകടകാരികളായി ആൽഗകളുടെ വളർച്ചയും വ്യാപനവും നേരത്തെ തിരിച്ചറിയാനും ഈ സാങ്കേതികവിദ്യ ഉപകരിക്കും. പൊക്കാളി പാടങ്ങളിൽ വിത്ത് വിതക്കാനും തിമിംഗലം, ഡോൾഫിൻ തുടങ്ങിയ കടൽ സസ്തനികളുടെ നിരീക്ഷണത്തിനും ഡ്രോൺ സാങ്കേതികവിദ്യ പ്രയോജനപ്പെടും. ദുരന്തനിവാരണം എളുപ്പമാക്കാൻ അടിയന്തിര ഘട്ടങ്ങളിൽ ലൈഫ് ജാക്കറ്റുകൾ എത്തിക്കുന്നതിനും ഡ്രോണുകളെ പ്രയോജനപ്പെടുത്താനാകും. വേമ്പനാട് കായലിലെ ജലഗുണനിലവാരം വിലയിരുത്തുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ഈ സാങ്കേതികവിദ്യ ഏറെ ഉപകരിക്കും. മാത്രമല്ല, കടലിൽ ഉപരിതലമത്സ്യങ്ങൾ കൂട്ടത്തോടെയെത്തുന്ന സ്ഥലങ്ങൾ പെട്ടെന്ന് തിരിച്ചറിയാനും അതുവഴി മീൻപിടുത്തം എളുപ്പമാക്കാനും ഡ്രോൺ ഉപയോഗം അവസരമൊരുക്കും. ഡ്രോൺ ഉപയോഗത്തിന്റെ സാധ്യതകൾ വിശദീകരിക്കുന്ന ബോധവൽകരണ ശിൽപശാലയിലും പ്രദർശനത്തിലും മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ എന്നിവർക്ക് പങ്കെടുക്കാം. കേന്ദ്ര ഫിഷറീസ് മന്ത്രാലയം, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവയെ പ്രതിനിധീകരിച്ച് ഉയർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കും.



# മുങ്ങിപ്പോയ ബാർജ് എടുത്തു മാറ്റണം

തിരുവനന്തപുരം: പെരുമാതുറ താഴമ്പള്ളി മുതലപ്പൊഴിയിൽ ഉണ്ടായ കടൽ ആക്രമണം മൂലം പുലിമുട്ടുകൾക്കിടയിൽ പെട്ടുപോയ അദാനിപ്പോർട്ടിന്റെ ബാർജ് തുമ്പ കടൽ തിരുത്തുന്ന എടുത്തു മാറ്റണമെന്ന് സ്വതന്ത്ര മത്സ്യ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസും സംസ്ഥാന ജനറൽ സെക്രട്ടറി അഞ്ചുതെങ്ങ് അനിൽ ആബേലും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ഇന്നലെ രാവിലെ വിഴിഞ്ഞത്തേക്ക് മുതലപ്പൊഴിയിൽ നിന്നും കെട്ടി വലിച്ചു കൊണ്ടു പോയ ബാർജ് തുമ്പ കടൽതീരത്ത് വച്ച് മുങ്ങിത്താണു ഉണ്ടായത്.ഇത് എടുത്തു മാറ്റിയില്ലെങ്കിൽ പരമ്പരാഗത മത്സ്യബന്ധനം നടത്തുന്ന കമ്പാവല തൊഴിലാളികൾക്കും, കട്ട മരം തൊഴിലാളികൾക്കും, താങ്ങ് വല തൊഴിലാളികൾക്കും, ഒഴുക്ക് വല തൊഴിലാളികൾക്കും, മത്സ്യബന്ധനത്തിന് പോകാൻ കഴിയില്ലയെന്നും ഇവിടെ ഉപജീവനത്തിന് തടസ്സമാകുമെന്ന് ഇരു നേതാക്കളും പറഞ്ഞു.

കടൽതീരത്ത് നിന്ന് വലിച്ചുകൊണ്ടുപോയ ബാർജിൽ കുടുങ്ങി താങ്ങ് വലകൾ നഷ്ടപ്പെട്ടിരിക്കുകയാണ് ഇവർക്ക് നഷ്ടപരിഹാരം നൽകണമെന്നും സർക്കാർ അടിയന്തരമായി ഇടപെട്ട് ഇത് എടുത്തു മാറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നേതാക്കൾ പറഞ്ഞു.

# പാതിരാറെയ്ഡ് നടന്ന ഹോട്ടലിൽ വീണ്ടും പരിശോധനയ്ക്കെത്തി പോലീസ്: ഹാർഡ് ഡിസ്ക് പിടിച്ചെടുത്തു

പാലക്കാട്: ചൊവ്വാഴ്ച രാത്രി റെയ്ഡ് നടത്തിയ പാലക്കാട്ടെ കെപിഎം ഹോട്ടലിൽ വീണ്ടും പരിശോധന നടത്തി പോലീസ്. ഹോട്ടലിലെ സിസിടിവി ദൃശ്യങ്ങളുടെ ഹാർഡ് ഡിസ്ക് പിടിച്ചെടുത്തു

സൗത്ത് സിഐയാണ് പരിശോധന നടത്തുന്നത്. സി ഐക്കൊപ്പം സൈബർ വിദഗ്ധരും സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരും പരിശോധനയ്ക്കൊപ്പമുണ്ട്.

കോൺഗ്രസിൻറെ വനിതാ നേതാക്കളുടെ മുറികളിൽ അടക്കമാണ് ചൊവ്വാഴ്ച രാത്രി പരിശോധന നടന്നത്. സംഭവം വലിയ വിവാദമായിരുന്നു. അനധികൃതമായി പണമെത്തിച്ചെന്ന് ആരോപിച്ചുള്ള പോലീസ് പരിശോധനയ്ക്കിടെ ചൊവ്വാഴ്ച രാത്രി വൻ സംഘർഷമാണ് ഉണ്ടായത്. പാതിരാത്രിയിൽ മൂന്നര മണിക്കൂറോളം നേരമാണ് ഹോട്ടലിൽ നേതാക്കളും പ്രവർത്തകരും ഏറ്റുമുട്ടിയത്. വനിതാ നേതാക്കളുടെ മുറികളിൽ പോലീസ് അതിക്രമിച്ച് കയറിയെന്ന് ആരോപിച്ച് കോൺഗ്രസും, എല്ലാ മുറികളിലും പരിശോധന വേണമെന്ന് സിപിഎമ്മും ബിജെപിയും ആവശ്യപ്പെട്ടതോടെ രംഗം വഷളാവുകയായിരുന്നു.ഹോട്ടലിലും പുറത്തും പലതവണ ഏറ്റുമുട്ടിയ പ്രവ!ർത്തകരെ പൊലീസ് പണിപ്പെട്ടാണ് പിന്തിരിപ്പിച്ചത്. ഷാഫി പറമ്പിൽ, വി. കെ. ശ്രീകണ്ഠൻ ഉൾപ്പെടെയുള്ള നേതാക്കൾ, പരിശോധനയിൽ എന്ത് കിട്ടിയെന്ന് പോലീസ് എഴുതി നൽകണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് ഒന്നും ലഭിച്ചില്ലെന്ന് പോലീസ് എഴുതി നൽകി. എന്നാൽ, റെയ്ഡ് തടസപ്പെടുത്താനാണ് കോൺഗ്രസ് ശ്രമിച്ചതെന്ന് സിപിഎമ്മും ബിജെപിയും ആരോപിച്ചു.

പൊലീസ് തങ്ങളെ അപമാനിക്കും വിധം പെരുമാറിയെന്ന് ഷാനിമോൾ ഉസ്മാനും ബിന്ദു കൃഷ്ണയും മാധ്യമങ്ങളോട് പ്രതികരിച്ചു. യൂണിഫോം പോലും ഇല്ലാതെ ആണ് ചില ഉദ്യോഗസ്ഥർ പാതിരാ നേരത്ത് വാതിലിൽ മുട്ടിയത് എന്നും അതിന്റെ നടുക്കത്തിലാണ് ഇപ്പോഴും എന്നും ഇരുവരും പറഞ്ഞു.

# അമേരിക്കൻ പ്രസിഡന്റായി ഡൊണാൾഡ് ട്രംപിന് രണ്ടാംമൂഴം



വാഷിങ്ടൺ: യു. എസിന്റെ 47ാം പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് തിരഞ്ഞെടുക്കപ്പെട്ടു. വിസ്കോൺസിൽ ലീഡ് ചെയ്യുന്ന സീറ്റുകൾകൂടി ചേർത്താണ് വിജയിക്കാനാവശ്യമായ 270 ഇലക്ടറൽ കോളേജ് വോട്ടുകൾ എന്ന മാജിക് നമ്പർ ട്രംപ് കടന്നത്. തുടർച്ചയായി അല്ലാതെ രണ്ടുതവണ പ്രസിഡന്റാവുന്ന രണ്ടാമത്തെയാളാണ് ട്രംപ്.. 127 വർഷത്തിന് ശേഷമാണ്, ഒരിക്കൽ തോൽവിയറിഞ്ഞ അമേരിക്കൻ പ്രസിഡന്റ് വൈറ്റ് ഹൗസിൽ തിരിച്ചെത്തുന്നത്.

സെനറ്റർ ജെ. ഡി. വാൻസ് യു. എസിന്റെ 50ാം വൈസ് പ്രസിഡന്റാവും. 538ൽ 267 ഇലക്ടറൽ കോളേജ് വോട്ടുകൾ ട്രംപ് നേടിയിരിക്കുന്നത്. വിസ് കോൺസിൽ ലീഡ് ചെയ്യുന്ന 10 സീറ്റുകൾകൂടി ചേർത്താണ് ട്രംപ് 277 എന്ന അക്കത്തിലെത്തുന്നത്.


വിജയത്തിന് 270 വോട്ടുകളാണ് വേണ്ടത്. ഔദ്യോഗിക ഫലപ്രഖ്യാപനം 2025 ജനുവരി ആറിനാണ്. സെനറ്റിലും ജനപ്രതിനിധി സഭയിലും റിപ്പബ്ലിക്കൻ പാർട്ടി ആധിപത്യം നേടി. തിരഞ്ഞെടുപ്പ് ഫലം അനുകൂലമായതോടെ അമേരിക്കൻ ജനതയ്ക്ക് ട്രംപ് നന്ദി പറഞ്ഞു. അമേരിക്കയുടെ 'സുവർണ്ണ കാലഘട്ടം' ഇതായിരിക്കുമെന്ന് പറഞ്ഞ ട്രംപ് രാജ്യം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ വിജയമാണിതെന്നും അവകാശപ്പെട്ടു. അമേരിക്കയുടെ അടുത്ത വൈസ് പ്രസിഡന്റ് ജെ. ഡി. വാൻസ് ആണെന്ന് ഡോണൾഡ് ട്രംപ് പൊതുയോഗത്തിൽ പ്രഖ്യാപിച്ചു. ഭാര്യ മെലാനിയയ്ക്കും കുടുംബത്തിനും ട്രംപ് നന്ദി പറഞ്ഞു. ഒദ്യോഗികമായി വിജയം പ്രഖ്യാപിച്ചിട്ടില്ലെങ്കിലും വിജയിച്ചതായി സ്വയം പ്രഖ്യാപിച്ചുകൊണ്ടായിരുന്നു ട്രംപിന്റെ പ്രസംഗം. മുൻപ് പ്രസിഡന്റായിരുന്ന സമയത്തെ അനുഭവസമ്പത്തും റിപബ്ലിക്കൻ പാർട്ടിയിലെ തന്റെ സ്വാധിനവും ട്രംപ് ഭംഗിയായി തന്നെ ഉപയോഗിച്ചു. ബൈഡൻ സർക്കാരിന്റെ കാലത്തുള്ള നയങ്ങൾ ദുർബലമാണെന്നും രാജ്യത്തെ അത് തളർത്തിയെന്നും ട്രംപ് സംവാദങ്ങളിൽ ജനങ്ങളോട് പറഞ്ഞു.



# അന്തർദേശീയ തിയേറ്റർ സ്കൂൾ ഫെസ്റ്റിവൽ ഫെബ്രുവരിയിൽ

അന്തർദേശീയ തിയേറ്റർ സ്കൂൾ ഫെസ്റ്റിവലിന്റെ (ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് തിയേറ്റർ സ്കൂൾസ്ഐ എഫ് ടി എസ്) മൂന്നാം പതിപ്പ് 2025 ഫെബ്രുവരി മൂന്നു മുതൽ എട്ടു വരെ തൃശ്ശൂരിൽ നടക്കുമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു. 'തിയേറ്ററും നൈതികതയും' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി അധ്യാപനശാസ്ത്ര കാർണിവലായാണ് ഫെസ്റ്റ് നടക്കുന്നത്. തിയേറ്ററും അതിന്റെ ധാർമികതയും സംബന്ധിച്ചുള്ള പഠനങ്ങളാണ് പ്രമേയത്തിന്റെ അടിസ്ഥാനം. കാലിക്കറ്റ് സർവകലാശാലയുടെ തൃശ്ശൂർ കേന്ദ്രമായ സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ് ആണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.ലോക വൈജ്ഞാനിക മേഖലയിൽ തന്നെ നൂതനമാതൃകയായാണ് തിയേറ്റർ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. തിയേറ്റർ പ്രതിഭയും അധ്യാപകനുമായ ഡോ. അഭിലാഷ് പിള്ളയെ സ്കൂൾ ഓഫ് ഡ്രാമയുടെ ഡയറക്ടർ പദവിയിൽ നിയമിച്ചതിന്റെ തുടർച്ചയാണിത്. സാർവ്വദേശീയ തിയറ്റർപഠന സ്കൂളുകളുടെ ബോധനശാസ്ത്രോത്സവമായാണ് ഐ എഫ് ടി എസ് ആരംഭിച്ചത്. ഇതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നു. വൈവിധ്യമാർന്ന വിദ്യാഭ്യാസ മാതൃകകൾക്ക് രൂപം കൊടുക്കുവാനും നവീന വിദ്യാഭ്യാസ മാതൃകകൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടാണ് അന്തർദേശീയ തിയേറ്റർ സ്കൂൾ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. സ്കൂൾ ഓഫ് ഡ്രാമ ആന്റ് ഫൈൻ ആർട്സിനെ പൂർവ്വകാല പ്രൗഢിയോടെ അന്താരാഷ്ട്ര ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിന് തിയേറ്റർ ഫെസ്റ്റ് മികച്ച പങ്ക് വഹിച്ചിട്ടുണ്ട്.

കലയ്ക്കും മാനവികശാസ്ത്ര പഠനങ്ങൾക്കുമപ്പുറം ബിസിനസും പ്രകൃതിശാസ്ത്രവും അപ്ലൈഡ് സയൻസും ഉൾപ്പെട്ട പഠനമേഖലകളിലേക്കും സഹഭാവത്തിന്റെയും സർഗ്ഗാത്മകതയുടെയും സംസ്കാരം വളർത്താനും തിയേറ്റർ ഫെസ്റ്റ് ഉദ്ദേശിക്കുന്നു. ഇതിലൂടെ നൈതികവും സുസ്ഥിരവുമായ പ്രയോഗരീതികളിലേക്ക് സമൂഹത്തെ നയിക്കാൻ ബോധനശാസ്ത്രത്തിനു കഴിയണമെന്നതാണ് ഫെസ്റ്റിവലിന്റെ കാഴ്ചപ്പാട്. പരമ്പരാഗത വിദ്യാഭ്യാസരീതികളുടെ അതിർത്തികളെ മറികടക്കാൻ തിയേറ്ററിന്റെ സാധ്യതകളെ ഉപയോഗിക്കാൻ കഴിയണം. ഇന്ത്യക്കകത്തും പുറത്തുമുള്ള വിവിധ സർവകലാശാലകളിൽ നിന്നും അധ്യാപകരും വിദ്യാർത്ഥികളും തെരഞ്ഞെടുക്കുന്ന നാടകപ്രവർത്തകരുമടക്കം ഇരുനൂറോളം പേർ പരിപാടിയിൽ പങ്കെടുക്കും. അരണാട്ടുകര ക്യാമ്പസിലെ വ്യത്യസ്ത ഇടങ്ങളിലായി നടക്കുന്ന ശില്പശാലയോടൊപ്പം പരിശീലനക്കളരി, പാനൽ ചർച്ചകൾ, ഓപ്പൺ ഫോറം, പെഡഗോഗി, പ്രദർശനം എന്നിവ നടക്കും. പങ്കാളികളാവുന്ന സർവ്വകലാശാലകളിലെ വിദ്യാർഥികളുടെ നാടകാവതരണങ്ങളും അരങ്ങേറും. രണ്ടാമത് ഐ.എഫ്.ടി.എസിന്റെ ഭാഗമായി രൂപം കൊടുത്ത നാല് റിസർച്ച് ഫെല്ലോഷിപ്പുകൾ ഈ വർഷവും തുടരും. അധ്യാപകർക്കായി ഓരോ സീനിയർ ഫെല്ലോഷിപ്പും ഒരു എജ്യുക്കേഷൻ എക്സലൻസ് അവാർഡും ഈ വർഷം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായും മന്ത്രി അറിയിച്ചു.



2024 ലെ ശിശുദിന സ്റ്റാമ്പിനായി തിരഞ്ഞെടുത്ത കണ്ണൂർ കണ്ണാടിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിനി തന്മയയുടെ ചിത്രം

# യുവതിയും മക്കളും വെടിയേറ്റു മരിച്ചനിലയിൽ; പ്രതിയായ ഭർത്താവ് ജീവനൊടുക്കി

ലക്നോ: ഉത്തർപ്രദേശിലെ വാരാണസിയിൽ വീട്ടമ്മയേയും മൂന്ന് മക്കളെയും വെടിയേറ്റ് മരിച്ചനിലയിൽ കണ്ടെത്തി. നീതു ഗുപ്ത (43), മക്കളായ നവേന്ദ്ര (25), ഗൗരംഗി(16), സുബേന്ദ്ര (15) എന്നിവരെയാണ് മരിച്ചനിലയിൽ കണ്ടത്.

നീതുവിൻറെ ഭർത്താവ് രാജേന്ദ്ര ഗുപ്തയുടെ മൃതദേഹം പിന്നീട് വീട്ടിൽ നിന്നും കുറച്ചകലെ നിർമാണത്തിലിരിക്കുന്ന കെട്ടിടത്തിൽ നിന്ന് കണ്ടെത്തി. ഇയാൾ ഭാര്യയെയും മക്കളെയും കൊലപ്പെടുത്തിയ ശേഷം ജീവനൊടുക്കിയതാണെന്നാണ് പോലീസിൻറെ പ്രാഥമിക നിഗമനം. വാരാണസിയിലെ ഭായിദാനി മേഖലയിൽ തിങ്കളാഴ്ച വൈകുന്നേരമാണ് സംഭവം. കുടുംബ തർക്കമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് അയൽവാസികൾ പറയുന്നു. മരിച്ച രാജേന്ദ്ര ഗുപ്ത ഒരു കൊലക്കേസിൽ പ്രതിയായിരുന്നു. സ്വന്തം അച്ഛനെ കൊലപ്പെടുത്തിയെന്ന് ഉൾപ്പെടെയുള്ള പരാതികൾ ഇയാൾക്കെതിരെയുണ്ട്. അടുത്തിടെയാണ് ഇയാൾ ജാമ്യത്തിലിറങ്ങിയത്. നീതു രാജേന്ദ്ര ഗുപ്തയുടെ രണ്ടാം ഭാര്യയാണ്. ഒരു വർഷത്തിലേറെയായി ഇവർ വേറെയാണ് താമസം. ഉറങ്ങിക്കിടക്കുമ്പോഴാണ് അമ്മയ്ക്കും മക്കൾക്കും വെടിയേറ്റതെന്നാണ് സൂചന. ഗുപ്തയ്ക്ക് ചില അന്ധവിശ്വാസങ്ങൾ ഉണ്ടായിരുന്നതായി പോലീസിന് സംശയമുണ്ട്. ഭാര്യയും മക്കളും അഭിവൃദ്ധിക്ക് തടസമാണെന്ന മന്ത്രവാദിയുടെ ഉപദേശമനുസരിച്ചാണോ ഇയാൾ കൊലപാതകം നടത്തിയതെന്നും പോലീസ് കരുതുന്നു.

പത്തോളം വീടുകൾ രാജേന്ദ്ര ഗുപ്തയ്ക്ക് സ്വന്തമായുണ്ട്. സ്വത്ത് തർക്കമാണോ കൊലപാതകത്തിന് പിന്നിലെന്നും പോലീസ് അന്വേഷിക്കുന്നുണ്ട്.

## നീലേശ്വരം വെടിക്കെട്ട് അപകടം: മരിച്ചവരുടെ കുടുംബങ്ങൾക്ക് നാലുലക്ഷം വീതം നൽകും

കാസർഗോഡ്: നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സർക്കാർ നാലു ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. ഇന്നു ചേർന്ന മന്ത്രിസഭാ യോഗമാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തത്. നാലു പേരാണ് അപകടത്തിൽ ഇതുവരെ മരിച്ചത്. ചെറുവത്തൂർ സ്വദേശി ഷിബിൻ രാജ്, കരിന്തളം കൊല്ലമ്പാറ സ്വദേശി കെ. ബിജു (38), ചോയ്യങ്കോട് കിണാവൂർ സ്വദേശികളായ കെ. രതീഷ് (32), സന്ദീപ് (38) എന്നിവരാണ് അപകടത്തിൽ മരിച്ചത്.

നൂറിലേറെ പേർ അപകടത്തിൽ പൊള്ളലേറ്റ് ഇപ്പോഴും ചികിത്സയിലാണ്. മുപ്പതോളം പേർ വിവിധ ആശുപത്രികളിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ തുടരുകയാണ്.

# തന്മയയുടെ 'വര' ശിശുദിന സ്റ്റാമ്പിൽ മിഴി തുറക്കും

കേരള സർക്കാരിന്റെ അനുമതിയോടെ സംസ്ഥാന ശിശുക്ഷേമ സമിതി പുറത്തിറക്കുന്ന ശിശുദിനസ്റ്റാമ്പ്2024ൽ ചിത്രമായി തെളിയുന്നത് കണ്ണൂർ സ്വദേശിനി തന്മയയുടെ രചന. 'ബാലസൗഹൃദ കേരളം' എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ശിശുക്ഷേമ സമിതി സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിൽ പങ്കെടുത്ത 339 മത്സരാർത്ഥികളെ പിന്തള്ളിയാണ് പഠനത്തിലും മിടുക്കിയായ തന്മയ വി. ഒന്നാം സ്ഥാനത്ത് എത്തിയത്.

കണ്ണൂർ കണ്ണാടിപ്പറമ്പ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിനിയായ തന്മയ കണ്ണാടിപ്പറമ്പ് കുടുവാൻ ഹൗസിൽ വി. അശോകന്റെയും കെ.ചിത്രയുടേയും ഏക മകളാണ്. ചിത്ര രചനാ മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുള്ള തന്മയ 2024ൽ ഊർജ്ജ സംരക്ഷണ വകുപ്പ് നടത്തിയ മത്സരത്തിൽ ജലഛായം വിഭാഗത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും സബ് ജില്ലാ കലോത്സവത്തിൽ എ ഗ്രേഡും നേടിയിട്ടുണ്ട്.

ലളിതകലാ അക്കാദമി മുൻ ചെയർമാനും പ്രശസ്ത ആർട്ട് ക്രിയേറ്ററുമായ നേമം പുഷ്പരാജാണ് സ്റ്റാമ്പിന്റെ ചിത്രം തെരഞ്ഞെടുത്തത്. ഭാവനാ സമ്പന്നവും അർത്ഥവത്തും ലളിതവും കാഴ്ച സൗന്ദര്യവും നൽകുന്നതുമാണ് തന്മയയുടെ ചിത്രമെന്ന് ജൂറി വിലയിരുത്തി.

ശിശുദിനത്തിൽ സംസ്ഥാന ശിശുക്ഷേമ സമിതി പുറത്തിറക്കുന്ന സ്റ്റാമ്പിൻറെ വിതരണത്തിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തെ കുട്ടികളുടെ പ്രത്യേകിച്ച് അനാഥ ബാല്യങ്ങളുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നതെന്ന് സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ജി.എൽ. അരുൺ ഗോപി പറഞ്ഞു.

വളരുന്ന കുട്ടികളിൽ നാടിനോടും സഹജീവികളോടും സഹാനുഭൂതിയും സഹകരണവും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ശിശുദിനസ്റ്റാമ്പിലൂടെ ഒരു ചെറു കൈ സഹായം വിദ്യാർത്ഥികളിൽ നിന്നും പൊതു സമൂഹങ്ങളിൽ നിന്നും സമാഹരിക്കുന്നത്. വിദ്യാർത്ഥികൾ തന്നെ ശിശുദിന സ്റ്റാമ്പിന്റെ രൂപകൽപ്പന ചെയ്യുന്നതിലൂടെ സ്റ്റാമ്പിന്റെ മഹത്വം വർദ്ധിക്കുന്നതായി ജനറൽ സെക്രട്ടറി വ്യക്തമാക്കി.

നവംബർ 14ന് തിരുവനന്തപുരത്തു വച്ചു നടക്കുന്ന സംസ്ഥാനതല പൊതു സമ്മേളനത്തിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ വീണ ജോർജ്ജ്, വി.ശിവൻകുട്ടി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഇത്തവണത്തെ ശിശുദിന സ്റ്റാമ്പ് പ്രകാശനം ചെയ്യും. തന്മയയ്ക്കും പഠിക്കുന്ന സ്കൂളിനുമുള്ള പുരസ്കാരങ്ങളും റോളിംഗ് ട്രോഫിയും യോഗത്തിൽ വച്ച് സമ്മാനിക്കും.

# മുനമ്പം പ്രശ്നം: സർക്കാർ വിളിച്ച ഉന്നതതല യോഗം മാറ്റിവച്ചു

തിരുവനന്തപുരം: മുനമ്പം വഖഫ് ഭൂമി പ്രശ്നം പരിഹരിക്കാൻ സർക്കാർ വിളിച്ച ഉന്നതതല യോഗം മാറ്റിവച്ചു. നവംബർ 16ന് നടത്താനിരുന്ന യോഗം 28ലേക്കാണ് മാറ്റിയത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഓൺലൈനായിട്ടായിരിക്കും യോഗം ചേരുക. നിയമ,റവന്യു മന്ത്രിമാരും വഖഫ് ചുമതലയുള്ള മന്ത്രി വി.അബ്ദുറഹ്മാനും വഖഫ് ബോർഡ് ചെയർമാനും യോഗത്തിൽ പങ്കെടുക്കുമെന്നാണ് വിവരം. നിയമപരമായ സാധ്യതകൾ തേടുന്നതിനൊപ്പം മുനമ്പത്തെ 614 കുടുംബങ്ങളുടെ റവന്യു അവകാശങ്ങൾ പുനസ്ഥാപിക്കുന്നതിലാകും ചർച്ച. കോടതിയിൽ നിലവിലുള്ള കേസുകളുടെ സ്ഥിതി അടക്കം യോഗത്തിൽ ചർച്ച ചെയ്യും.

## സാങ്കേതിക സർവകലാശാലയിൽ ഒഴിവുകൾ

എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അസിസ്റ്റന്റ് പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ/ പ്രൊഫസർ, ഡയറക്ടർ, ലൈബ്രേറിയൻ ഒഴിവുകളാണുള്ളത്. വിശദ വിവരങ്ങൾക്ക്: www.ktu.edu.in സന്ദർശിക്കുക.

# പമ്പാവാലി, ഏയ്ഞ്ചൽവാലി, തട്ടേക്കാട് സങ്കേതങ്ങൾ: കേന്ദ്ര വിദഗ്ധ സമിതി പരിശോധന നടത്തും

പെരിയാർ കടുവാസങ്കേത്തിനകത്തെ ജനവാസ മേഖലകളായ പമ്പാവാലി, ഏയ്ഞ്ചൽവാലി പ്രദേശങ്ങളെയും തട്ടേക്കാട് പക്ഷി സങ്കേതത്തിനകത്തെ ജനവാസ മേഖലകളെയും സങ്കേതത്തിൽ നിന്നും ഒഴിവാക്കണമെന്ന സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശ പരിഗണിച്ച് കേന്ദ്ര വന്യജീവി ബോർഡിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി നിയോഗിച്ച വിദഗ്ധ സമിതി അംഗങ്ങൾ സ്ഥലം സന്ദർശിക്കും. 2024 ഡിസംബർ 19, 20, 21 തീയതികളിലാണ് സംഘം പരിശോധന നടത്തുക. ദേശീയ വന്യജീവി ബോർഡിന്റ സ്റ്റാന്റിംഗ് കമ്മിറ്റി അംഗവും പ്രശ്സത ശാസ്ത്രജ്ഞനുമായ ഡോ. സുകുമാർ, ദേശീയ വന്യജീവി വിഭാഗം ഇൻസ്പെക്ടർ ജനറൽ, സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധി തുടങ്ങിവരാണ് സമിതിയിലെ അംഗങ്ങൾ. ടൈഗർ റിസർവ്, കേന്ദ്ര വന്യജീവി വകുപ്പ് എന്നിവയിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും സംഘത്തോടൊപ്പം ഉണ്ടായിരിക്കും. ഒക്ടോബർ 5ന് വിളിച്ച സംസ്ഥാന വന്യജീവി ബോർഡ് യോഗമാണ് ജനവാസ മേഖലകൾ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വന്യജീവി ബോർഡിന് ശുപാർശ ചെയ്യാനുള്ള തീരുമാനമെടുത്തത്. സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശ കേന്ദ്ര വന്യജീവി ബോർഡിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി പരിഗണനയ്ക്ക് കൊണ്ടുവരാൻ സാധിച്ചു എന്നത് സംസ്ഥാന സർക്കാരിന്റെ നേട്ടവും ഈ വിഷയത്തിലെ വനം വകുപ്പിന്റെ ആത്മാർത്ഥ പ്രവർത്തനത്തിന്റെ ഫലവുമാണെന്ന് വനംവന്യജീവി വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ അഭിപ്രായപ്പെട്ടു. വിദഗ്ധ സമിതിയുടെ മുൻപാകെ കാര്യങ്ങൾ അവതരിപ്പിക്കാൻ ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും സാഹചര്യം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

# 43 തസ്തികകളിലേക്ക് അപേക്ഷിക്കാം

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ 43 തസ്തികകളിലേക്ക് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ്) ബോർഡ് അപേക്ഷ ക്ഷണിച്ചു.

കെൽട്രോൺ, കെ.എം.എം.എൽ, കിൻഫ്ര, കെൽ, സിൽക്ക്, കെ.എസ്.ഐ.ഇ, കെബിപ്, മലബാർ സിമന്റ്സ്, എൻ.സി.എം.ആർ.ഐ, കെ.എസ്.ഐ.എൻ.സി എന്നിവയിലെ ജനറൽ മാനേജർ, കമ്പനി സെക്രട്ടറി, മാനേജർ, ടെക്നിക്കൽ ഓഫീസർ, എക്സിക്യൂട്ടീവ്, മെഡിക്കൽ ഓഫീസർ, ഓഫീസ് അറ്റൻഡന്റ് അടക്കമുള്ള തസ്തികകളിലെ ഒഴിവുകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. വിവിഡ്, സിൽക്ക്, ടി.സി.എൽ, ട്രാക്കോ കേബിൾസ്, കെൽ ഇ.എം.എൽ, മെറ്റൽ ഇൻഡസ്ട്രീസ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർ തസ്തികകളും ഇതിൽ ഉൾപ്പെടുന്നു.

നവംബർ 30നകം അപേക്ഷിക്കണം. വിശദാംശങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും kpserb.kerala.gov.in സന്ദർശിക്കുക.

## അലോട്ട്മെന്റ് അപേക്ഷ ക്ഷണിച്ചു

2024ലെ പി.ജി.ആയുർവേദ ഡിഗ്രി/ഡിപ്ലോമ കോഴ്സിലേയ്ക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റിന് അപേക്ഷ ക്ഷണിച്ചു. പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നവംബർ 7 വൈകിട്ട് 4 മണിക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കണം. വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവയ്ക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2525300

## കാലിഗ്രാഫി, കാരിക്കേച്ചർ ക്യാമ്പ്

ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ ശിശു ദിനാഘോഷത്തോടനുബന്ധിച്ച് 10 ന് രാവിലെ 10 മണി മുതൽ കാലിഗ്രാഫി, കാരിക്കേച്ചർ ക്യാമ്പ് സംഘടിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക്: 8547913916.

# താൽപര്യപത്രം ക്ഷണിച്ചു

പട്ടികവർഗ യുവതീയുവാക്കൾക്ക് പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഓട്ടോമൊബൈൽ എൻജിനിയറിങ് കോഴ്സ് പരിശീലനം ഏറ്റെടുത്ത് നടത്തുവാൻ സന്നദ്ധതയുള്ള പരിശീലന സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

എൻ.എസ്.ക്യു.എഫ് / എൻ.എസ്.ഡി.സി തുടങ്ങിയ ദേശീയ, അന്തർദേശീയ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാം. പട്ടികവർഗ വിദ്യാർഥികൾക്കായി നേരത്തെ പരിശീലനം നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകും.

ഹോസ്റ്റൽ സൗകര്യം (ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം) ഉള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണനയുണ്ട്. നവംബർ 8 വൈകുന്നേരം അഞ്ചു മണി വരെ അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ പട്ടികവർഗ വികസന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭിക്കും.

# അന്താരാഷ്ട്ര സിമ്പോസിയം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ നവംബർ 20 നു 'വൺ ഹെൽത്ത് ആൻഡ് എമർജിങ് ഇൻഫെക്ഷൻസ്' എന്ന വിഷയത്തിൽ ഏകദിന അന്താരാഷ്ട്ര സിമ്പോസിയം സംഘടിപ്പിക്കും.

കേരളം അഭിമുഖീകരിക്കുന്ന ആവർത്തിച്ചുള്ള ജന്തുജന്യ വൈറസ് രോഗങ്ങളായ നിപ്പ, കൈസന്നൂർ ഫോറെസ്റ്റ് ഡിസീസ്, ചിക്കുൻഗുനിയ, ഡെംഗു, റാബീസ് എന്നീ രോഗങ്ങളുടെ നിയന്ത്രണത്തിനും നിർമ്മാർജ്ജനത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് വൺ ഹെൽത്ത്. ദേശീയ അന്തർദേശീയ ആരോഗ്യമേഖലകളിലെ വൈറോളജി വിദഗ്ധർ നിപ്പ, എംപോക്സ്, റാബീസ്, എവിയൻ ഇൻഫ്ലുവൻസ അമീബിക് മെനിഞ്ചോഎൻസഫലൈറ്റിസ് തുടങ്ങിയ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ക്ലിനിക്കൽ / പ്രീക്ലിനിക്കൽ വിദഗ്ധർ, വിവിധ യൂണിവേഴ്സിറ്റികൾ, കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഗവേഷണ വിദ്യാർഥികൾ ഉൾപ്പെടെ 250 പേർ പങ്കെടുക്കും. ഐഎവി ക്യാമ്പസിൽ നടക്കുന്ന പരിപാടിയിൽ രജിസ്റ്റർ ചെയ്തവർക്കായിരിക്കും പ്രവേശനം. 10നകം രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക്:sympo-sium@i-av.r-e-s.in.

# അസാപ് കേരളയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ് അവസരം

കേരളസർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ അസാപ് കേരളയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എൻജിനിയർ കൺസൾട്ടന്റ്, ഗ്രാജുവേറ്റ് ഇന്റേൺ, പോസ്റ്റ് ഗ്രാജുവേറ്റ് ഇന്റേൺ എന്നീ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു.

അസിസ്റ്റന്റ് എൻജിനിയർ കൺസൾട്ടന്റ് ഇന്റേൺഷിപ്പ് തസ്തികയിൽ സിവിൽ എൻജിനീയറിങ് ബിരുദധാരികൾക്കും, ഗ്രാജുവേറ്റ് ഇന്റേൺ തസ്തികയിൽ ബിടെക് സിവിൽ/കമ്പ്യൂട്ടർ സയൻസ് ബിരുദധാരികൾക്കും, പോസ്റ്റ് ഗ്രാജുവേറ്റ് ഇന്റേൺ തസ്തികയിൽ എം.ടെക് സ്ട്രക്ച്ചറൽ എൻജിനിയറിങ് / ട്രാൻസ്പോർട്ടേഷൻ എൻജിനിയറിങ്, മെക്കാനിക്കൽ എൻജിനിയറിംഗ് ബിരുദധാരികൾക്കും അപേക്ഷിക്കാം.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://asapkerala.gov.in/careers/. അപേക്ഷ 8നകം നൽകണം.

# മെറിറ്റ് സ്കോളർഷിപ്പ്: 20 നകം വിവരം നൽകണം

2021 മാർച്ചിൽ എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി സംസ്ഥാന സിലബസിൽ (202122) പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിച്ച വിദ്യാർഥികൾ ആവശ്യമായ വിവരങ്ങൾ സമർപ്പിക്കണം.

വിദ്യാർഥികളുടെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ്, രജിസ്ട്രേഷൻ ഐഡി/ എസ്.എസ്.എൽ.സി രജിസ്റ്റർ നമ്പർ എന്നിവ നവംബർ 20ന് വൈകിട്ട് അഞ്ചിനകം districtmeritscholarship@gmail.com ലേക്ക് നൽകണം. www.dcescholarship.gov.in ലെ നോട്ടിഫിക്കേഷനിലുള്ള ലിസ്റ്റ് പ്രകാരമുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുക ബാങ്ക് അക്കൗണ്ടിലെ പിഴവ് മൂലം ക്രെഡിറ്റ് ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിലാണ് വീണ്ടും വിവരം ആവശ്യപ്പെട്ടിരിക്കുന്നത്.

# കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിൽ പരിശീലനം

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ച് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ് പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ ക്ലാസുകളും തിരുവനന്തപുരം കേന്ദ്രത്തിൽ ഓഫ്ലൈൻ പരിശീലനവുമുണ്ട്. പ്ലസ് ടു, ഡിഗ്രി യോഗ്യതയുള്ളവർ നവംബർ 13ന് മുമ്പായി അപേക്ഷിക്കണം. വിശദ വിവരങ്ങൾക്ക്: 9496015002, വെബ്സൈറ്റ്: www.r-e-a-c-h.or-g.in .

## സ്റ്റാളുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ

കേരള നിയമസഭ ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിൽ (KLIBF-3rd Edition) പങ്കെടുക്കുന്ന പ്രസാധകർക്കായുള്ള സ്റ്റാളുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. സഹശയള.ിശ്യമാമമെയവമ.ീൃഴ യിൽ 15നകം രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2512263, 9188380058.

## ലൈഫ് സർട്ടിഫിക്കറ്റ് നവംബർ 30നകം നൽകണം

ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പിന്റെ പത്രപ്രവർത്തക പത്രപ്രവർത്തകേതര പെൻഷൻ വാങ്ങുന്നവർ നവംബർ 30നകം ലൈഫ് സർട്ടിഫിക്കറ്റ് നൽകണം. നവംബർ മാസത്തെ തീയതിയിലുള്ള 'ജീവൻ പ്രമാണി'ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ, നവംബർ മാസത്തെ തീയതിയിലുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റോ ആണ് നൽകേണ്ടത്. ലൈഫ് സർട്ടിഫിക്കറ്റിന്റെ മാതൃക prd.kerala.gov.in/en/forms ൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. ഇതിലെ രണ്ടാം ഭാഗത്ത് പെൻഷണറുടെ നിലവിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തി നൽകണം.

ഏത് ജില്ലയിൽ നിന്നാണോ നിലവിൽ പെൻഷൻ സംബന്ധമായ രേഖകൾ സമർപ്പിക്കുന്നത് അതാത് ജില്ലാ ഇൻഫർമേഷൻ ഓഫീസിലാണ് ലൈഫ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. മറ്റൊരാൾ മുഖേന ലൈഫ് സർട്ടിഫിക്കറ്റ് എത്തിക്കുന്ന പെൻഷണർമാർ സ്വന്തം ഫോട്ടോ പതിച്ച സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി നൽകണം. കൂടുതൽ വിവരങ്ങൾ 04712517351 ലും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ലഭിക്കും.

## ഓറിയന്റേഷൻ ക്ലാസ്

സ്കോൾ കേരള മുഖേന ഹയർ സെക്കൻഡറി കോഴ്സിന് പ്രൈവറ്റായി രജിസ്റ്റർ ചെയ്ത 202426 ബാച്ചിലെ ഒന്നാംവർഷ വിദ്യാർഥികളുടെ നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു. അതത് പരീക്ഷാ കേന്ദ്രങ്ങളിലാണ് ക്ലാസ് നടക്കുക. വിശദാംശങ്ങൾക്ക് അതത് പരീക്ഷാ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക.

## തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്: 20 വരെ അപേക്ഷിക്കാം

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗങ്ങളായ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ മക്കൾക്ക് 202324 വർഷം ലാപ്ടോപ് അനുവദിക്കുന്നതിലേക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 20 വരെ നീട്ടി. എം.ബി.ബി.എസ്, ബി.ടെക്, എം.ടെക്, ബി.എ.എം.എസ്, ബി.ഡി.എസ്, ബി.വി.എസ്.സി ആൻഡ് എ.എച്ച്, ബി.ആർക്ക്, എം.ആർക്ക്, എം.ഡി.എസ്, എം.ഡി, ബി.എച്ച്.എം.എസ്, പി.ജി ആയുർവേദ, പി.ജി ഹോമിയോ, എം.വി.എസ്.സി ആൻഡ് എ.എച്ച്, എം.ബി.എ, എം.സി.എ കോഴ്സുകളിൽ 202425 വർഷം ഒന്നാം വർഷം പ്രവേശനം ലഭിച്ച വിദ്യാർഥികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04712448451.

## വനിതാ കമ്മീഷൻ അദാലത്ത്

കേരള വനിതാ കമ്മീഷൻ നവംബർ 11 മുതൽ 26 വരെ വിവിധ ജില്ലകളിൽ ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നു. അദാലത്ത് വേദികളിൽ പുതിയ പരാതികൾ സ്വീകരിക്കും. 11, 12 തീയതികളിൽ തിരുവനന്തപുരം ജവഹർ ബാലഭവനിലും 13ന് കൊല്ലം ആശ്രാമം ഗസ്റ്റ് ഹൗസിലും ആലപ്പുഴ ജെൻഡർപാർക്ക് ഹാളിലും 18ന് എറണാകുളം ഗസ്റ്റ് ഹൗസ് ഹാളിലും കണ്ണൂർ കളക്ടറേറ്റ് ഓഡിറ്റോറിത്തിലും 19ന് തൃശൂർ ഠൗൺ ഹാളിലും അദാലത്തുകൾ നടക്കും. 20ന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഹാളിലും 22ന് മലപ്പുറം കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 23ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 25ന് കോട്ടയം മുനിസിപ്പൽ ടൗൺ ഹാളിലും കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 26ന് പാലക്കാട് ഗസ്റ്റ് ഹൗസ് ഹാളിലും വയനാട് സ്പോർട്സ് കൗൺസിൽ ഹാളിലും ഇടുക്കി കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും അദാലത്തുകൾ നിശ്ചയിച്ചിട്ടുണ്ട്.

## പൈതൃക വാരാഘോഷം

ലോക പൈതൃക വാരാഘോഷം 2024 മായി ബന്ധപ്പെട്ട് നവംബർ 19 മുതൽ ഒരാഴ്ചക്കാലം മൃഗശാല വകുപ്പിന്റെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ മ്യൂസിയങ്ങളിൽ പൈതൃക വാരാഘോഷം സംഘടിപ്പിക്കുന്നു. വാരാഘോഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം 19ന് രാവിലെ 10ന് കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ രജിസ്ട്രേഷൻപുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. പൈതൃകോത്സവത്തിന്റെ ഭാഗമായി 100 വർഷം പഴക്കമുള്ള പാരമ്പര്യ പൈതൃക വസ്ത്രങ്ങളുടെ പ്രദർശനം കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ 19നും 20നും നടക്കും.

## സിസ്റ്റം ആൻഡ് ഡാറ്റാബേസ് ആർക്കിടെക്റ്റ് ഒഴിവ്

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഒഴിവുള്ള സിസ്റ്റം ആൻഡ് ഡാറ്റാബേസ് ആർക്കിടെക്റ്റ് തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചു. എംടെക്ക് അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് / ഇൻഫർമേഷൻ ടെക്നോളജി / ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് ബിടെക് / ബിഇ അല്ലെങ്കിൽ എംസിഎ / എം.എസ്സി (കമ്പ്യൂട്ടർ സയൻസ് / ഐടി) ആണ് യോഗ്യത. ഡാറ്റാബേസ് ആർക്കിടെക്റ്റ് അല്ലെങ്കിൽ സിസ്റ്റം ആർക്കിടെക്റ്റ് ആയി അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം വേണം. പ്രതിമാസ വേതനം 57,747 രൂപ. താൽപര്യമുള്ളവർ നവംബർ 15 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെഎസ്ആർടിസി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില) തമ്പാനൂർ, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം.

## ഐടിഐയിൽ സീറ്റൊഴിവ്

ചാല ഗവ. ഐടിഐയിൽ അഡിറ്റീവ് മാനുഫാക്ചറിംഗ് ടെക്നിഷ്യൻ (3ഡി പ്രിന്റിംഗ്), മൾട്ടിമീഡിയ അനിമേഷൻ ആൻഡ് സെപ്ഷ്യൽ എഫക്ട് എന്നീ ട്രേഡുകളിലേക്ക് എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്കും പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലും ഏതാനും ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ നവംബർ 8ന് വൈകിട്ട് 3 മണിക്ക് മുമ്പായി ചാക്ക ഗവ. ഐടിഐയിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫീസ് 100 രൂപ. ഫോൺ: 8547898921.

## സീനിയർ പ്രോജക്ട് അസോസിയേറ്റ് നിയമനം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മെഡിക്കൽ ജനറ്റിക്സ് വിഭാഗത്തിനു കീഴിലെ ഡിബിറ്റി നിദാൻകേന്ദ്രയിൽ സീനിയർ പ്രോജക്ട് അസോസിയേറ്റ് തസ്തികയിൽ കരാർ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. മോളിക്യുലാർ ടെക്നിക്കൽ പ്രവർത്തി പരിചയമോ പരിശീലനമോ ലഭിച്ചവർക്കും ലൈഫ് സയൻസിൽ പിഎച്ച്ഡി ഉള്ളവർക്കും (ഡിഎൻഎ ഐസൊലേഷൻ, പിസിആർ, സാൻജർ, സീക്വൻസിംഗ്, എൻജിഎസ്, എംഎൽപിഎ) അപേക്ഷിക്കാം.

ബയോടെക്നോളജി അല്ലെങ്കിൽ ഹ്യൂമൻ ജനറ്റിക്സിൽ പിഎച്ച്ഡിയും മോളിക്യുലാർ ഡയഗ്നോസിസ് ഓഫ് ജെനടിക് ഡിസോർഡറിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവർത്തിപരിചയവും ബയോ ഇൻഫോർമാറ്റിക്സ് അനാലിസിസ് ഓഫ് എൻജിഎസ് ഡാറ്റയും അഭിലഷണീയം. പ്രായപരിധ് 45 വയസ്. പ്രതിമാസ വേതനം 42,000 രൂപ. ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 15ന് രാവിലെ 11 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നേരിട്ടെത്തണം.

## പ്രോജക്ട് ഫെല്ലോ

കേരള വനഗവേഷണ സ്ഥാപനത്തിൽ സമയബന്ധിത ഗവേഷണ പദ്ധതിയിലേക്ക് പ്രോജക്ട് ഫെല്ലോയുടെ താത്കാലിക ഒഴിവിൽ നിയമിക്കുന്നതിന് 12ന് രാവിലെ 10 മണിക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലെ ഓഫീസിൽ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക്: www.k-fr-i.r-e-s.in

## അഭിമുഖം

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ ചുമതലയിൽ വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന എൻട്രി ഹോം ഫോർ ഗേൾസിൽ സെക്യൂരിറ്റി തസ്തികയിലേക്ക് അഭിമുഖം നടത്തും. എസ്.എസ്.എൽ.സിയാണ് യോഗ്യത. അപേക്ഷകർക്ക് 23 വയസ്സ് പൂർത്തിയാകണം. പ്രതിമാസം വേതനം 10,000 രൂപ. നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം നവംബർ 16ന് രാവിലെ 10 മണിക്ക് തൃശ്ശൂർ രാമവർമ്മപുരം മോഡൽ ഹോം ഫോർ ഗേൾസിൽ നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കൽപ്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0471 2348666.

## ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ നവംബർ 4, 11, 18, 25 തീയതികളിൽ കോട്ടയത്തും 6, 13, 20, 27 തീയതികളിൽ പുനലൂരിലും 2, 16, 23, 30 തീയതികളിൽ പീരുമേടും 26 ന് തൊടുപുഴയിലും മറ്റ് പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക, എംപ്ലോയീസ് ഇൻഷുറൻസ്, എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളിൽ വിചാരണ നടത്തും.



തിരുവനന്തപുരം സെൻടൽ ബസ് സ്റ്റേഷനിലെ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു

# തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് പ്രവർത്തനം തുടങ്ങി

യാത്രക്കാർക്കും ജീവനക്കാർക്കും അടിയന്തിര ചികിത്സാ ആവശ്യങ്ങൾക്കായി തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ നിർമ്മിച്ച എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് പ്രവർത്തനം തുടങ്ങി. ഗതാഗത മന്ത്രി കെ. ബി. ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിക്കും. കെഎസ്ആർടിസിയും, സൊസൈറ്റി ഫോർ എമർജൻസി മെഡിസിൻ ഇന്ത്യയും, നിംസ് മെഡിസിറ്റിയും സംയുക്തമായാണ് യൂണിറ്റ് സജ്ജമാക്കിയത്.

കൊട്ടാരക്കര, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, സുൽത്താൻ ബത്തേരി, കണ്ണൂർ, കാസർഗോഡ്, നെയ്യാറ്റിൻകര, നെടുമങ്ങാട്, തൃശൂർ ഡിപ്പോകളിലും എമർജൻസി മെഡിക്കൽ കെയർ യൂണിറ്റുകൾ ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു.

കെ.എസ്.ആർ.ടി.സി മാറ്റത്തിന്റെ പാതയിലാണെന്ന് മന്ത്രി ഗണേഷ് കുമാർ പറഞ്ഞു. തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ഓട്ടോ ഡ്രൈവർമാർ, വ്യാപാരികൾ തുടങ്ങിയവർക്കും ഇതിന്റെ സൗകര്യം ഉപയോഗിക്കാം. യൂണിറ്റിൽ എപ്പോഴും ഒരു നഴ്സിംഗ് ഓഫീസറുടെ സേവനം ലഭ്യമാകും. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഇത്തരമൊരു യൂണിറ്റ് തുടങ്ങുന്നതെന്ന് മന്ത്രി പറഞ്ഞു. മുഴുവൻ ജീവനക്കാർക്കുമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുമെന്നും എല്ലാ വനിതാ ജീവനക്കാർക്കുമായി കാൻസർ സ്ക്രീനിങ്ങ് ഏർപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു. വൃത്തിയുള്ള ബസ് സ്റ്റേഷനുകൾ, ടോയ്ലെറ്റുകൾ, ജീവനക്കാരുടെ നല്ല പെരുമാറ്റം തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തണമെന്നും മന്ത്രി നിർദേശിച്ചു.

കെ.എസ്.ആർ.ടി.സി. സോഷ്യൽ മീഡിയ സെൽ ദൃശ്യാവിഷ്കാരം നല്കി ഗായകൻ ജി. വേണുഗോപാൽ ആലപിച്ച കെ.എസ്.ആർ.ടി.സി. ഗാനം പ്രകാശനം ചെയ്തു. ഗാനത്തിന്റെ രചനയും സംഗീതവും നിർവഹിച്ച കോഴിക്കോട് യൂണിറ്റിലെ ഡ്രൈവർ ബൈജു ഇരിങ്ങല്ലൂരിനെ മന്ത്രി പുരസ്കാരം നല്കി ആദരിച്ചു.റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് നിർദ്ദേശപ്രകാരം തലശ്ശേരി യൂണിറ്റ് നിർമ്മിച്ച ഡബിൾ ബെൽ എന്ന ഹ്രസ്വ ചിത്രത്തിന്റെ റിലീസിംഗും ചടങ്ങിൽ നടന്നു. ഇതിന്റെ പിന്നണിയിൽ പ്രവർത്തിച്ചവരെ മന്ത്രി പുരസ്കാരം നല്കി ആദരിച്ചു. ചടങ്ങിൽ ഫസ്റ്റ് എയ്ഡ് കിറ്റുകളും വിതരണം ചെയ്തു.

## ശബരിമല തീർത്ഥാടനം, സന്നദ്ധ സേവനം നടത്താൻ താത്പര്യമുള്ള ആരോഗ്യ പ്രവർത്തകർക്ക് അവസരമൊരുക്കും: മന്ത്രി വീണാ ജോർജ്

ശബരിമല തീർത്ഥാടനകാലത്ത് സന്നദ്ധ സേവനം അനുഷ്ഠിക്കുവാൻ താത്പര്യവും അംഗീകാരവുമുള്ള ആരോഗ്യ പ്രവർത്തകരെ സ്വാഗതം ചെയ്യുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

കോന്നി മെഡിക്കൽ കോളേജ്, പത്തനംതിട്ട ജനറൽ ആശുപത്രി, പമ്പ, സന്നിധാനം തുടങ്ങിയ ആശുപത്രികളിലും നിലക്കൽ, നീലിമല, അപ്പാച്ചിമേട്, ചരൽമേട്, എരുമേലി തുടങ്ങിയ ആരോഗ്യ സേവന കേന്ദ്രങ്ങളിലും അവരെ നിയോഗിക്കും. ആരോഗ്യവകുപ്പിൽ നിന്നും വിരമിച്ചവർ ഉൾപ്പെടെയുള്ളവർക്കാണ് അവസരമൊരുക്കുന്നത്.

താത്പര്യമുള്ളവർ d-h-ssa-b-ar-im-a-l-a@gm-a-i-l.com എന്ന ഇമെയിൽ വിലാസത്തിൽ നവംബർ 11നകം രേഖകൾ ഉൾപ്പെടെ അപേക്ഷ സമർപ്പിക്കണം. ആരോഗ്യ വകുപ്പിലെ ജീവനക്കാരെ കൂടാതെ മെഡിക്കൽ കോളേജുകളിൽ നിന്നും വിദഗ്ധ കാർഡിയോളജി ഡോക്ടർമാരേയും ഫിസിഷ്യൻമാരേയും വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നിയോഗിക്കും.

ഇത് കൂടാതെയാണ് പരിചയ സമ്പന്നരായ ആരോഗ്യ പ്രവർത്തകരുടെ സേവനം കൂടി ലഭ്യമാക്കുന്നത്.

## റെജിമെന്റൽ തെറാപ്പി കോഴ്സ്

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കോഴിക്കോട് മർക്കസ് യുനാനി മെഡിക്കൽ കോളേജ് നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള സർക്കാർ അംഗീകൃത യുനാനി റെജിമെന്റൽ തെറാപ്പി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ www.gactvm.kerala.gov.in, www.gack.kerala.gov.in, www.ayurvedacollege.ac.in, www.markazunanimedicalcollege.org എന്നിവയിൽ ലഭ്യമാണ്. അപേക്ഷാ ഫോം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു പ്രിന്റൗട്ടും എടുത്തു ഉപയോഗിക്കണം. അപേക്ഷാ ഫീസ് ജനറൽ വിഭാഗത്തിന് 300 രൂപയും എസ്.സി/ എസ്.ടി വിഭാഗത്തിന് 200 രൂപയുമാണ്. അപേക്ഷാ ഫീസ് ഏതെങ്കിലും സർക്കാർ ട്രഷറിയിൽ "0210-03-101-98-Other receipt" എന്ന ശീർഷകത്തിൽ അടച്ച് അസ്സൽ ചെലാൻ അപേക്ഷാ ഫോമിനൊപ്പം സമർപ്പിക്കണം. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമാണ് അടിസ്ഥാന യോഗ്യത. സംവരണ ആനുകൂല്യത്തിന് അർഹതയുള്ളവർ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കണം. അപേക്ഷകൾ നവംബർ 20 വൈകുന്നേരം 5 മണിവരെ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, ആരോഗ്യഭവൻ, എം.ജി റോഡ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ സ്വീകരിക്കും.

## പരീക്ഷ മാറ്റിവച്ചു

എട്ടാം ക്ലാസ് വിദ്യാർഥികൾക്കായുള്ള നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ (NMMSE) നവംബർ 16ൽ നിന്നും ഡിസംബർ 9 ലേക്ക് മാറ്റിവച്ചു.

## സ്കൂൾ ഓഫ് ഡ്രാമയിൽ മൂന്ന് റിസർച്ച് ചെയറുകൾ: മന്ത്രി ഡോ. ആർ ബിന്ദു

ബൗദ്ധിക പര്യവേഷണം, കലാപരമായ സംരക്ഷണം, സാംസ്കാരിക പൈതൃകങ്ങളുടെ പോഷണം എന്നിവയെ പ്രതിനിധീകരിച്ചു സ്കൂൾ ഓഫ് ഡ്രാമയിൽ മൂന്ന് റിസർച്ച് ചെയറുകൾ ആരംഭിക്കാൻ ധാരണയായതായി ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. ദക്ഷിണേഷ്യൻ നാടകരംഗത്തെ പ്രഗത്ഭരായ പ്രൊഫ. ജി ശങ്കരപ്പിള്ള, പ്രഫ. വയലാ വാസുദേവൻ പിള്ള, പ്രൊ. രാമചന്ദ്രൻ മൊകേരി എന്നിവരുടെ പേരിലാണ് റിസർച്ച് ചെയറുകൾ. ഏഷ്യൻ പെർഫോമൻസിനെ ഉത്തേജിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പ്രൊഫ. ജി ശങ്കരപ്പിള്ളയുടെ പേരിലുള്ള ചെയർ ഫോർ സൗത്ത് ഏഷ്യൻ തിയേറ്റർ ആൻഡ് പെർഫോമൻസസ് റിസർച്ച്.

കേരളത്തിന്റെയും മലയാള നാടകവേദിയുടെയും സമ്പന്നമായ പാരമ്പര്യത്തെ കേന്ദ്രീകരിച്ചുള്ള സ്കോളർഷിപ്പ് മുഖ്യഘടകമായിട്ടുള്ളതാണ് പ്രൊഫ. വയലാ വാസുദേവൻ പിള്ള ചെയർ ഫോർ റിസർച്ച് ഇൻ കേരള ആൻഡ് മലയാളം തിയേറ്റർ ആൻഡ് പെർഫോമൻസ്. പരമ്പരാഗത നാടകവേദിയുടെ അതിരുകൾ ഭേദിക്കുന്നതിനായി സാമൂഹ്യമാറ്റം, ഭാഷാസമ്പാദനം, തിയേറ്റർ തെറാപ്പി എന്നിവയുടെ വിവിധ വശങ്ങൾ പഠനവിധേയമാക്കിക്കൊണ്ടാണ് പ്രൊഫ. രാമചന്ദ്രൻ മൊകേരി ചെയർ ഫോർ അപ്ലൈഡ് തിയേറ്റർ ആൻഡ് പ്രാക്ടീസ്. യുജിസിയും കാലിക്കറ്റ് സർവ്വകലാശാലയും നിഷ്കർഷിക്കുന്ന നിയമങ്ങളും അടിസ്ഥാനമാക്കിയാണ് മൂന്ന് ചെയറുകൾ ആരംഭിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

## ഉത്തരകൊറിയൻ യുക്രെയ്ൻ സൈന്യങ്ങൾ ആദ്യമായി നേർക്കുനേർ

കീവ്: റഷ്യയെ സഹായിക്കാനെത്തിയ ഉത്തരകൊറിയൻ സൈന്യത്തെ ആദ്യമായി നേരിട്ട് യുക്രെയ്ൻ സൈന്യം. യുക്രെയ്ൻ പ്രതിരോധ മന്ത്രി റസ്തെ ഉമറേവ് ആണ് ഇക്കാര്യം അറിയിച്ചത്. റഷ്യയിലെ കുർസ്ക് അതിർത്തി മേഖലയിൽ യുക്രെയ്ൻ സൈന്യം പീരങ്കിയുമായാണ് ഉത്തര കൊറിയൻ സൈന്യത്തെ നേരിട്ടത്. റഷ്യൻ, ഉത്തരകൊറിയൻ സൈനികർ ഒരുമിച്ചാണ് യുദ്ധമുന്നണിയിലുള്ളതെന്നും യൂണിഫോം വഴി ഇവരെ തിരിച്ചറിയാനാകില്ലെന്നും ഉമറേവ് ദക്ഷിണകൊറിയൻ മാധ്യമമായ കെബിഎസിനോടു പറഞ്ഞു. 3000 പേർ വീതം ഉൾപ്പെടുന്ന അഞ്ചു യൂണിറ്റ് ഉത്തരകൊറിയൻ സൈന്യത്തെയാണ് കുർസ്ക് മേഖലയിൽ വിന്യസിച്ചിട്ടുള്ളതെന്ന് യുക്രെയ്ൻ പ്രതിരോധ മന്ത്രി പറഞ്ഞു. 10, 000 ഉത്തരകൊറിയൻ സൈനികരെ റഷ്യയിൽ വിന്യസിച്ചിട്ടുണ്ടെന്നു പെൻറഗൺ തിങ്കളാഴ്ച വ്യക്തമാക്കിയിരുന്നു. 13 ലക്ഷം വരുന്ന ഉത്തര കൊറിയൻ സൈന്യത്തിൽനിന്ന് ഇനിയും കൂടുതൽ പേർ റഷ്യയിലെത്തുമെന്നാണു നിഗമനം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




നിയമ വകുപ്പ് സംഘടിപ്പിച്ച മലയാളദിനാഘോഷം നിയമ സെക്രട്ടറി കെ. ജി. സനൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു

# ഭരണഭാഷാ വാരാഘോഷം

നിയമ വകുപ്പിന്റെ ഔദ്യോഗികഭാഷാപ്രസിദ്ധീകരണ സെല്ലിന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് അനക്സ് ശ്രുതി ഹാളിൽ സംഘടിപ്പിച്ച ഭരണഭാഷാ വാരാഘോഷം നിയമ സെക്രട്ടറി കെ. ജി. സനൽ കുമാർ ഉദ്ഘാടനം ചെയ്തു. നിയമങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നിയമവകുപ്പ് നൽകുന്നുണ്ടെന്നും സാധാരണക്കാർക്ക് മനസിലാകുന്ന തരത്തിൽ കേന്ദ്രനിയമങ്ങളുൾപ്പെടെ മലയാളത്തിലേക്ക് മൊഴിമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. അഡീഷണൽ നിയമ സെക്രട്ടറി എൻ ജീവൻ അധ്യക്ഷനായ ചടങ്ങിൽ കേരള സർവ്വകലാശാല മലയാള വിഭാഗം മേധാവി ഡോ. സീമ ജറോം മുഖ്യാതിഥിയായി.ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി സംഘടിപ്പിച്ച സർക്കാർ ഉത്തരവ് തയ്യാറാക്കൽ, വിധിന്യായത്തിന്റെ മലയാള പരിഭാഷ തയ്യാറാക്കൽ, ഉപന്യാസ രചന മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു.

# പ്രവാസികേരളീയരുടെ മക്കൾക്കായി നോർക്കറൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

പ്രവാസി കേരളീയരുടെയും തിരികെയെത്തിയ പ്രവാസികളുടെയും മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന നോർക്കറൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. രണ്ട് വർഷത്തിലധികമായി വിദേശത്ത് ജോലി ചെയ്യുന്ന വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള പ്രവാസികേരളീയരുടെയും മുൻ പ്രവാസികളുടേയും മക്കൾക്ക് അപേക്ഷിക്കാം. ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും 202425 അധ്യയന വർഷത്തിലെ ഒന്നാം വർഷ വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ്. താൽപര്യമുള്ളവർ നവംബർ 30 നകം അപേക്ഷ നൽകണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അറിയിച്ചു. www.scholarship.norkaroots.org വഴി ഓൺലൈനായി അപേക്ഷിക്കാം. പഠിക്കുന്ന കോഴ്സിനുവേണ്ട യോഗ്യതാപരീക്ഷയിൽ കുറഞ്ഞത് 60 ശതമാനം മാർക്ക് നോടിയിരിക്കണം. റഗുലർ കോഴ്സുകൾക്കും കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച കോഴ്സുകൾക്കും അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് അപേക്ഷിക്കാൻ കഴിയും. വിശദവിവരങ്ങൾക്ക്: 04712770528/2770500, നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പർ: 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്).

# നിവിൻ പോളിക്ക് ആശ്വാസം; പീഡന ആരോപണക്കേസിൽ ക്ലീൻ ചിറ്റ്

കൊച്ചി: പീഡന ആരോപണക്കേസിൽ നടൻ നിവിൻ പോളിക്ക് ക്ലീൻചിറ്റ്. പ്രതിപട്ടികയിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കി. കോതമംഗലം സ്വദേശിനിയുടെ പരാതിയിലാണ് നിവിനെതിരേ കേസെടുത്തിരുന്നത്. എഫ്ഐആറിൽ ആറാംപ്രതിയായിരുന്നു നിവിൻ.

എന്നാൽ പരാതിയിൽ പറയുന്ന ദിവസം നിവിൻ വിദേശത്ത് പോയിട്ടില്ലെന്ന് അന്വേഷണത്തിൽ പോലീസ് കണ്ടെത്തി. കോതമംഗലം മജിസ്ട്രേറ്റ് കോടതിയിൽ പോലീസ് റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരി ഉന്നയിച്ച ആരോപണത്തിൽ കഴമ്പില്ലെന്ന് വ്യക്തമായാതായി റിപ്പോർട്ടിൽ പറയുന്നു. അതേസമയം മറ്റുപ്രതികൾക്കെതിരായ അന്വേഷണം തുടരുമെന്ന് റിപ്പോർട്ട് പറയുന്നു. സിനിമയിൽ അവസരം നൽകാമെന്നു വാദ്ഗാനം ചെയ്ത് നിവിൻ പോളി ഉൾപ്പെടെ ആറുപേർ കൂട്ടബലാത്സംഗം ചെയ്തുവെന്നാണ് കോതമംഗലം സ്വദേശിനിയുടെ പരാതി. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെയായിരുന്നു യുവതിയുടെ ആരോപണം. ദുബായിയിൽ വച്ചാണ് സംഭവം നടന്നതെന്നാണ് യുവതി പോലീസിനു നൽകിയ മൊഴി. എന്നാൽ തനിക്കെതിരായ പരാതി വ്യാജമെന്ന് നിവിൻ മൊഴി നൽകിയിരുന്നു. പീഡനം നടന്നുവെന്ന് പറയുന്ന സമയത്ത് കേരളത്തിലെ ഷൂട്ടിംഗ് ലൊക്കേഷനിലാണുണ്ടായിരുന്നത്. പാസ്പോർട്ട് പരിശോധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. യുവതി പറയുന്ന ദിവസങ്ങളിൽ നിവിൻ 'വർഷങ്ങൾക്കു ശേഷം' സിനിമയുടെ ഷൂട്ടിംഗിനായി കൊച്ചിയിൽ ഉണ്ടായിരുന്നുവെന്ന് സംവിധായകൻ വിനീത് ശ്രീനിവാസനും വ്യക്തമാക്കിയിരുന്നു.

# വികാരങ്ങൾക്ക് അടിമപ്പെട്ട് ജീവനൊടുക്കിയാൽ പ്രേരണാകുറ്റം നിലനിൽക്കില്ല; ആത്മഹത്യാപ്രേരണാക്കുറ്റം റദ്ദാക്കി ഹൈക്കോടതി

തലശേരി: സിപിഎം പ്രവർത്തകൻ ഉൾപ്പെടെ രണ്ടു പേർ പ്രതികളായി പയ്യന്നൂർ സെഷൻസ് കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന ആത്മഹത്യാ പ്രേരണ കേസ് ഹൈക്കോടതി റദ്ദാക്കി.

കരാറുകാരനായ പാടിച്ചാലിലെ കരയിലായി ബിജു എം. ജോസഫ് (44) തൂങ്ങി മരിച്ച സംഭവത്തെ തുടർന്നുണ്ടായ കേസിലാണ് ഹൈക്കോടതിയുടെ വിധി. സിപിഎം പ്രവർത്തകനായ കണ്ണൂർ തെക്കീ ബസാറിലെ പോത്തിക്ക രൂപേഷ് (39), കുറ്റ്യാട്ടൂർ കോരമ്പത്ത് സുജേഷ് (39) എന്നിവർ പ്രതികളായ 306 വകുപ്പ് പ്രകാരമുള്ള കേസാണ് ജസ്റ്റീസ് പി. വി. കുഞ്ഞികൃഷ്ണൻ റദ്ദ് ചെയ്തത്.

വികാരങ്ങൾക്ക് അടിമപ്പെട്ട് ഒരാൾ ജീവനൊടുക്കിയാൽ പ്രേരണാകുറ്റം നിലനിൽക്കില്ലെന്ന് കോടതി വിധിന്യായത്തിൽ പറഞ്ഞു. പ്രമുഖ അഭിഭാഷകരായ വി. ആർ. നാസർ, പി. എം. അച്യുത്, സോണിയ ഫിലിപ്പ് എന്നിവരാണ് പ്രതികൾക്കു വേണ്ടി ഹൈക്കോടതിയിൽ ഹാജരായത്. 2012 ഏപ്രിൽ 17നാണ് ബിജു എം. ജോസഫ് പയ്യന്നൂരിലെ സ്വകാര്യ ലോഡ്ജ് മുറിയിൽ ജീവനൊടുക്കിയത്.

ബിസിനസ് പങ്കാളികളായ പ്രതികളുടെ നിരന്തരമുള്ള ഭീഷണിയെ തുടർന്നാണ് ബിജു ജീവനൊടുക്കിയതെന്നായിരുന്നു പ്രോസിക്യൂഷൻ കേസ്. ആദ്യം അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്ത പോലീസ് രൂപേഷിനെയും സുജേഷിനേയും പ്രതി ചേർക്കുകയായിരുന്നു. ഇരുവർക്കും അന്ന് ഹൈക്കോടതി മുൻകൂർ ജാമ്യം നൽകിയിരുന്നു. ഏറെ വിവാദമായ ഈ കേസിൽ രാഷ്ട്രീയ ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഉയർന്നിരുന്നു. പയ്യന്നൂർ പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസാണ് ഹൈക്കോടതി റദ്ദാക്കിയത്.

# കളക്ടറെ ക്രൂശിക്കരുത്; അരുൺ കെ. വിജയന് പിന്തുണയുമായി ഐഎഎസ് അസോസിയേഷൻ

തിരുവനന്തപുരം: എഡിഎം നവീൻ ബാബുവിന്റെ മരണത്തിന് പിന്നാലെ ഉയർന്നുവന്ന വിവാദങ്ങളിൽ കണ്ണൂർ കളക്ടർ അരുൺ കെ. വിജയന് പിന്തുണയുമായി ഐഎഎസ് അസോസിയേഷൻ. നവീൻ ബാബുവിന്റെ മരണത്തിൽ കളക്ടറെ ക്രൂശിക്കരുത്. അന്വേഷണത്തിന് ആവശ്യമായ സഹായം കളക്ടർ നൽകുന്നുണ്ടെന്നും ഐഎഎസ് അസോസിയേഷൻ പ്രസ്താവനയിൽ അറിയിച്ചു. സഹപ്രവർത്തകന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുകയാണെന്നും ദുഃഖിതരായ കുടുംബത്തെ അനുശോചനം അറിയിക്കുന്നുവെന്നും അസോസിയേഷൻ വ്യക്തമാക്കി. എന്നാൽ മരണത്തിലേക്കു നയിച്ചതിനെ സംബന്ധിച്ച് റവന്യൂ വകുപ്പും പോലീസും അന്വേഷിക്കുകയാണെന്നും അന്വേഷണത്തിൽ എല്ലാം വെളിപ്പെടുമെന്നു വിശ്വസിക്കുന്നതായും ഐഎഎസ് അസോസിയേഷൻ പ്രസ്താവനയിൽ പറയുന്നു. പൊതുസമൂഹത്തിൽ കളക്ടർക്കെതിരെ അനാവശ്യമായതും വ്യക്തിപരവുമായ ആക്രമണങ്ങൾ നടക്കുകയാണ്. അന്വേഷണം നടക്കുമ്പോൾ മുൻവിധിയോടെ അഭിപ്രായം രേഖപ്പെടുത്തുന്നു. കളക്ടർ അന്വേഷണത്തോട് പൂർണമായും സഹകരിക്കുന്നുണ്ടെന്നും അന്വേഷണ സംഘത്തിന് ആവശ്യമായ വിവരങ്ങൾ നൽകുന്നുണ്ടെന്നും അസോസിയേഷൻ വ്യക്തമാക്കി.

# ഡിജിറ്റൽ ഹെൽത്തായി കേരളം: 650 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത്

***1.93 കോടി ജനങ്ങൾ സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ എടുത്തു**

***ക്യൂ നിൽക്കാതെ ആശുപത്രി അപ്പോയ്മെന്റ് എടുക്കാൻ വളരെ എളുപ്പം**

സംസ്ഥാനത്തെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിൽ 428 ആശുപത്രികളിലും ഇ ഹെൽത്ത് സംവിധാനം സജ്ജമാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. മെഡിക്കൽ കോളേജുകളിലെ 17 സ്ഥാപനങ്ങൾ കൂടാതെ 22 ജില്ല/ജനറൽ ആശുപത്രികൾ, 26 താലൂക്ക് ആശുപത്രികൾ, 36 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 487 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 50 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 10 സ്പെഷ്യാലിറ്റി ആശുപത്രികൾ, 2 പബ്ലിക് ഹെൽത്ത് ലാബുകൾ, 3 മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് നടപ്പിലാക്കിയത്. 80 താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിൽ കൂടി ഇ ഹെൽത്ത് സംവിധാനം വഴി ഓൺലൈൻ അപ്പോയ്മെന്റ് എടുക്കുവാനുള്ള സംവിധാനം അന്തിമ ഘട്ടത്തിലാണ്. മുഴുവൻ ആശുപത്രികളും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് ഇ ഹെൽത്ത് സംവിധാനം വൻ വിജയമാണ്. ഇതുവരെ 1.93 കോടിയിലധികം ജനങ്ങൾ ഇ ഹെൽത്തിലൂടെ സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ എടുത്തു. താത്ക്കാലിക രജിസ്ട്രേഷനിലൂടെ 5.24 കോടിയിലധികമാണ് ചികിത്സ തേടിയത്. 11.84 ലക്ഷം പേരാണ് ഇ ഹെൽത്ത് സംവിധാനത്തിലൂടെ അഡ്മിറ്റായി ചികിത്സ തേടിയത്. 2.78 കോടിയിലധികം പ്രീ ചെക്കപ്പ്, 6.85 കോടിയിലധികം ഡയഗ്നോസിസ്, 4.44 കോടിയിലധികം പ്രിസ്ക്രിപ്ഷൻ, 1.50 കോടിയിലധികം ലാബ് പരിശോധനകൾ എന്നിവയും ഇ ഹെൽത്തിലൂടെ നടത്തി.

ഇ ഹെൽത്തിലൂടെ ഓൺലൈൻ ഒപി ടിക്കറ്റും പേപ്പർ രഹിത ആശുപത്രി സേവനങ്ങളും ലഭ്യമാകുന്നു എന്നതാണ് പ്രധാന പ്രത്യേകത. ആശുപത്രിയിൽ ക്യൂ നിൽക്കാതെ നേരത്തെ തന്നെ ഒപി ടിക്കറ്റ് എടുക്കാൻ കഴിയുന്നു എന്നതും ഈ സംവിധാനത്തിന്റെ പ്രത്യേകത. വീണ്ടും ചികിത്സ തേടണമെങ്കിൽ ആശുപത്രിയിൽ നിന്നും തന്നെ അഡ്വാൻസ് ടോക്കൺ എടുക്കാനുള്ള സംവിധാനവും സജ്ജമാണ്. ഇതിലൂടെ കാത്തിരിപ്പ് വളരെ കുറയ്ക്കാനാകും.

***എങ്ങനെ യുണിക്ക് ഹെൽത്ത് ഐഡി സൃഷ്ടിക്കും?***

ഇ ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭിക്കുവാൻ ആദ്യമായി തിരിച്ചറിയൽ നമ്പർ സൃഷ്ടിക്കണം. അതിനായി https://ehealth.kerala.gov.in എന്ന പോർട്ടലിൽ കയറി രജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. അതിൽ ആധാർ നമ്പർ നൽകുക. തുടർന്ന് ആധാർ രജിസ്റ്റർ ചെയ്ത നമ്പരിൽ ഒടിപി വരും. ഈ ഒടിപി നൽകുമ്പോൾ ഓൺലൈൻ വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പർ ലഭ്യമാകും. ഇത് പോർട്ടൽ വഴി ഡൌൺലോഡ് ചെയ്യാവുന്നതാണ്.

ആദ്യതവണ ലോഗിൻ ചെയ്യുമ്പോൾ ഇത്തരത്തിലുള്ള 16 അക്ക വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പറും പാസ് വേർഡും മൊബൈലിൽ മെസേജായി ലഭിക്കും. ഈ തിരിച്ചറിയൽ നമ്പറും പാസ് വേർഡും ഉപയോഗിച്ച് ആശുപത്രികളിലേക്കുള്ള നിശ്ചിത തീയതിയിലും സമയത്തുമുള്ള അപ്പോയ്മെന്റ് എടുക്കാൻ സാധിക്കും.

***എങ്ങനെ അപ്പോയ്മെന്റെടുക്കാം?***

ഒരു വ്യക്തിക്ക് ലഭിച്ച തിരിച്ചറിയൽ നമ്പരും പാസ് വേർഡും ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം ന്യൂ അപ്പോയ്മെന്റ് ക്ലിക്ക് ചെയ്യുക. റെഫറൽ ആണെങ്കിൽ ആ വിവരം രേഖപ്പെടുത്തിയ ശേഷം ആശുപത്രി വിവരങ്ങളും ഡിപ്പാർട്ട്മെന്റും തെരഞ്ഞെടുക്കുക. തുടർന്ന് അപ്പോയ്മെന്റ് വേണ്ട തീയതി തെരഞ്ഞെടുക്കുമ്പോൾ ആ ദിവസത്തിൽ ലഭ്യമായ ടോക്കണുകൾ ദൃശ്യമാകും. രോഗികൾ അവർക്ക് സൗകര്യപ്രദമായ സമയമനുസരിച്ചുള്ള ടോക്കൺ എടുക്കാവുന്നതാണ്. തുടർന്ന് ടോക്കൺ പ്രിന്റും എടുക്കാവുന്നതാണ്. ടോക്കൺ വിവരങ്ങൾ എസ്.എം.എസ്. ആയും ലഭിക്കുന്നതാണ്. ഇത് ആശുപത്രിയിൽ കാണിച്ചാൽ മതിയാകും. പോർട്ടൽ വഴി അവരുടെ ചികിത്സാവിവരങ്ങൾ, ലാബ് റിസൾട്ട്, പ്രിസ്ക്രിപ്ഷൻ എന്നിവ ലഭ്യമാവുന്നതാണ്. സംശയങ്ങൾക്ക് ദിശ 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

# പെട്ടിയിലുണ്ടായിരുന്നത് പണമായിരുന്നുവെന്ന് തെളിയിച്ചാൽ പ്രചാരണം നിർത്തും: രാഹുൽ മാങ്കൂട്ടത്തിൽ

പാലക്കാട്: നീല ട്രോളി ബാഗിൽ ഉണ്ടായിരുന്നത് വസ്ത്രങ്ങളായിരുന്നുവെന്നും പണമായിരുന്നുവെന്ന് തെളിയിച്ചാൽ താൻ തെരഞ്ഞെടുപ്പ് പ്രചാരണം നിർത്തുമെന്നും പാലക്കാട്ടെ യുഡിഎഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ. നീല ട്രോളി ബാഗുമായി നടത്തിയ വാർത്താസമ്മേളനത്തിലായിരുന്നു രാഹുലിന്റെ പ്രതികരണം.

കെപിഎം ഹോട്ടൽ അധികൃതരും പൊലീസും ഹോട്ടലിന്റെ മുമ്പിലെ സിസിടിവി ദൃശ്യങ്ങൾ പുറത്തു വിടണമെന്നും രാഹുൽ ആവശ്യപ്പെട്ടു. താൻ എപ്പോളാണ് ഹോട്ടലിൽ വന്നതെന്നും പോയതെന്നും അതിൽ നിന്നു മനസിലാകുമെന്നും രാഹുൽ പറഞ്ഞു.

നീല ട്രോളി ബാഗ് കൈമാറാമെന്നും രാഹുൽ വ്യക്തമാക്കി. കള്ളപ്പണ ഇടപാട് നടന്നെങ്കിൽ പോലീസ് എന്തുകൊണ്ട് തെളിയിക്കുന്നില്ലെന്നും രാഹുൽ ചോദിച്ചു.

'ഈ ട്രോളി ബെഡ് റൂമിൽ വെച്ച് തുറന്നു നോക്കിയിട്ടുണ്ട്. ആ സിസിടിവി പരിശോധിക്കട്ടെ. കറുത്ത ബാഗ് കൂടി കൈയിൽ ഉണ്ടായിരുന്നു. പണം ഉണ്ടെന്നാണ് പറയുന്നതെങ്കിൽ അതെവിടെ എന്നും പറയുന്നവർ തെളിയിക്കണം.

ബാഗിൽ ഡ്രസ് ആയിരുന്നു ഉണ്ടായിരുന്നത്. ഷാഫിയും ഞാനും ഡ്രസ്സ് മാറി മാറി ഇടാറുണ്ട്. ട്രോളി ബാഗുമായിട്ട് ഇന്നലെ മാത്രമല്ല എപ്പോളും പോകാറുണ്ട്. ഇനി കോൺഗ്രസ് മീറ്റിങ് നടത്തുമ്പോൾ ആരെയൊക്കെ വിളിക്കണം എന്ന് സിപിഎം ജില്ലാ സെക്രട്ടറി തീരുമാനിക്കട്ടേയെന്നും രാഹുൽ പരിഹസിച്ചു.

# പിന്നോട്ടില്ലെന്ന് വഖഫ് ബോർഡ്; മുനമ്പം തുടക്കം മാത്രമെന്ന് ചെയർമാൻ

കൊച്ചി: മുനമ്പം ജനതയെയും സംസ്ഥാന സർക്കാരിനെയും വെല്ലുവിളിച്ച് വഖഫ് ബോർഡ് രംഗത്ത്. വഖഫായി രജിസ്റ്റർ ചെയ്ത ഭൂമിയിൽ താമസക്കാരുണ്ടെങ്കിൽ അവർക്ക് നോട്ടീസ് അയയ്ക്കുന്നത് വഖഫ് നിയമത്തിന്റെ ഭാഗമാണെന്നും മുനമ്പത്തെ 12 വീട്ടുകാർക്ക് ഇത്തരത്തിൽ നോട്ടീസ് അയച്ചതായും സംസ്ഥാന വഖഫ് ബോർഡ് ചെയർമാൻ അഡ്വ. എം. കെ. സക്കീർ ഇന്നലെ കൊച്ചിയിൽ മാധ്യമപ്രവർത്തകരോടു സംസാരിക്കവേ വ്യക്തമാക്കി. പാവപ്പെട്ട തീരദേശജനതയുടെ ജീവൽപ്രശ്നം കേരളമൊട്ടാകെ ഏറ്റെടുക്കുകയും പ്രശ്നം പരിഹരിക്കാൻ സർക്കാർ തലത്തിൽ ശ്രമം നടക്കുകയും ചെയ്യുന്നതിനിടയിലാണ് വഖഫ് ബോർഡിന്റെ ധിക്കാരപരമായ നിലപാട്.

1950ലെ വഖഫ് ആധാരത്തിൽ വരുന്ന രേഖകൾ പ്രകാരമാണ് 12 കുടുംബങ്ങൾക്കു നോട്ടീസ് അയച്ചത്. ആ കുടുംബങ്ങളുടെ വാദം കേട്ടുകൊണ്ടിരിക്കുന്ന നടപടിയാണ് ഇപ്പോൾ നടക്കുന്നത്. അവർക്ക് അതു വഖഫല്ലെന്നും തങ്ങളുടെ ഭൂമിയാണെന്നും തെളിയിക്കുന്ന രേഖകളുണ്ടെങ്കിൽ ഹാജരാക്കാം.

മുനമ്പത്തെ താമസക്കാരെ പെട്ടെന്നു കുടിയിറക്കുകയെന്ന തീരുമാനത്തിലല്ല ബോർഡ് മുന്നോട്ടു പോകുന്നത്. വഖഫ് ഭൂമികൾ സംരക്ഷിക്കേണ്ടത് ബോർഡിന്റെ കടമയാണ്. ഏതെല്ലാം ആധാരങ്ങൾ വഖഫ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്നതു പരിശോധിച്ചിട്ടുള്ള നടപടികളാണു നടത്തുന്നത്. വഖഫ് ബോർഡ് അർധ ജുഡീഷൽ സ്ഥാപനമാണ്.

വഖഫ് സ്വത്തുക്കൾ സംബന്ധിച്ച് കോടതികളിലും ബോർഡിലുമെല്ലാം പരിശോധന നടന്നുകൊണ്ടിരിക്കുന്നുണ്ട്. ആ പരിശോധനയുടെ അന്തിമഫലം എന്താണോ അതനുസരിച്ചാകും ബോർഡ് പ്രവർത്തിക്കുക. ഏതെങ്കിലും സ്വത്ത് വഖഫായി രജിസ്റ്റർ ചെയ്യപ്പെട്ടാൽ മാത്രമേ വഖഫ് ബോർഡിന് അതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താനാകൂ.

രജിസ്റ്റർ ചെയ്യാതെ മാറിനിൽക്കുന്നത് വഖഫ് ബോർഡിന്റെ സ്വത്തുസംരക്ഷണത്തോട് ചെയ്യുന്ന അനീതിയാണ്. വഖഫിനു മുമ്പാകെ രജിസ്റ്റർ ചെയ്തശേഷം 1950നുശേഷം ആരെങ്കിലും അതിനകത്തുണ്ടെങ്കിൽ അവർക്ക് നോട്ടീസ് അയയ്ക്കണമെന്നതും ചട്ടമാണ്.

ആരെയും കുടിയൊഴിപ്പിക്കാനോ ഇല്ലാത്ത അവകാശം സ്ഥാപിക്കാനോ അല്ല വഖഫ് ബോർഡ് ശ്രമിക്കുന്നത്. വഖഫ് സ്വത്താണെങ്കിൽ ഉള്ള അവകാശം ഉറപ്പാക്കും. ഇല്ലാത്തതെങ്കിൽ അത് അവകാശപ്പെട്ടവർക്ക് കൊടുക്കും. സംസ്ഥാനത്തെ മൊത്തം വഖഫ് സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം മുനമ്പം വിഷയം ഒരു തുടക്കമാണ്.

കേരളത്തിൽ വഖഫ് സ്വത്തുക്കൾ പലയിടത്തുമുണ്ട്. അതിനകത്ത് പലരും കൈയേറിയിട്ടുണ്ടാകാമെന്ന ആക്ഷേപങ്ങളുണ്ടെങ്കിൽ അതു പരിശോധിക്കപ്പെടണം. മുനമ്പം വിഷയത്തിൽ മുഖ്യമന്ത്രി വിളിച്ചിട്ടുള്ള ഉന്നതതല യോഗത്തിൽ വഖഫ് ബോർഡിന്റെ ഭാഗത്തുനിന്നുള്ള രേഖകൾ സമർപ്പിക്കുമെന്നും ചെയർമാൻ പറഞ്ഞു. വഖഫ് ബോർഡ് യോഗം ഇന്നലെ കൊച്ചിയിൽ നടന്നു.

അതേസമയം, മുനമ്പം അവകാശവാദത്തിൽ ഉറച്ചു നിൽക്കുകയും സംസ്ഥാനത്ത് കൂടുതൽ പ്രദേശങ്ങളിൽ തങ്ങൾക്ക് അവകാശപ്പെട്ട ഭൂമിയുണ്ടെന്നുമുള്ള വഖഫ് ബോർഡ് ചെയർമാന്റെ നിലപാട് പ്രശ്നം കൂടുതൽ സങ്കീർണമാക്കാനേ ഉപകരിക്കൂവെന്നാണ് വിലയിരുത്തൽ.

## ട്രെയിനിടിച്ചു മരണം: കരാറുകാരനെതിരേ ക്രിമിനൽ നടപടിക്കു റെയിൽവേ

ഷൊർണൂർ: ഷൊർണൂരിൽ ട്രെയിനിടിച്ച് നാലു തൊഴിലാളികൾ മരിച്ച സംഭവത്തിൽ കരാറുകാരന്റെ ലൈസൻസ് റദ്ദാക്കാൻ നടപടി. കരാറുകാരന്റെ ഭാഗത്തുനിന്നു ഗുരുതര വീഴ്ച സംഭവിച്ചതാണു തൊഴിലാളികൾ കൊല്ലപ്പെടാൻ കാരണമായതെന്ന കണ്ടെത്തലിനെതുടർന്നാണു നടപടി. ഇയാൾക്കെതിരേ ക്രിമിനൽ നിയമനടപടിയെടുക്കുമെന്നും അധികൃതർ വ്യക്തമാക്കി. അതേസമയം, നാലു പേർ ട്രെയിനിടിച്ചു മരിച്ച സംഭവത്തിൽ റെയിൽവേയുടെ ഭാഗത്തു സുരക്ഷാവീഴ്ചയില്ലെന്നു പാലക്കാട് റെയിൽവേ ഡിവിഷൻ അധികൃതർ വ്യക്തമാക്കി. ട്രാക്കിലൂടെ നടക്കുന്നതിനുമുമ്പ് ആർപിഎഫിന്റെ അനുമതി വാങ്ങിയില്ല. തൊഴിലാളികൾ നടന്ന പാളത്തിൽ ട്രെയിനുകൾക്കു വേഗപരിധിയില്ല. ശുചീകരണതൊഴിലാളികൾ ട്രാക്കിലൂടെ നടന്നതു പിഴവാണെന്നും ട്രാക്കിനു തൊട്ടടുത്തുള്ള റോഡ് ഉപയോഗിച്ചില്ലെന്നും റെയിൽവേ കുറ്റപ്പെടുത്തി.

മരിച്ചവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപവീതം റെയിൽവേ നൽകും. തമിഴ്നാട് സർക്കാർ മരിച്ചവരുടെ കുടുംബങ്ങൾക്കു ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ മൂന്നു ലക്ഷം രൂപ വീതമാണു നൽകുക.